കേരള സർക്കാർ

# മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

**മെഡിക്കൽ കോളേജ് കാമ്പസ്, തിരുവനന്തപുരം**

## ബി.എസ്.സി. നേഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി, ബി.പി.റ്റി., ബി.എസ്.സി.(ഒപ്റ്റോമെട്രി), ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം 2018

---

**B1/14206 /2018 /DME** തീയതി :21.05.2018

**<u>വിജ്ഞാപനം</u>**

**സൂചിക : G.O.(MS)No. 75/2018/H&FWD dated 18.05.2018**

ഗവൺമെന്റ്/*സ്വാശ്രയ കോളേജുകളിലേക്ക് 2018-2019 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.പി.റ്റി., ബി.എസ്.സി.(ഒപ്റ്റോമെട്രി), ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി(എം.ആർ.റ്റി), ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സൂചികയിലെ സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. മേയ് 24 മുതൽ ജൂൺ 16 വരെ വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും അപേക്ഷാഫീസ് സ്വീകരിക്കുന്നതാണ്. അപേക്ഷാ നമ്പരും, ബാങ്കിൽ നിന്നും ലഭിക്കുന്ന ചെല്ലാൻ നമ്പരും ഉപയോഗിച്ച് അപേക്ഷകർക്ക് മേയ് 25 മുതൽ ജൂൺ 18 വരെ വ്യക്തിഗത വിവരങ്ങൾ ഓൺ ലൈൻ ആയി www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രിന്റൗട്ട് എടുത്ത അപേക്ഷാ ഫോമിനോടൊപ്പം ചെല്ലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ 2018 ജൂൺ 20 ന് വൈകിട്ട് 5 മണിക്കകം ലഭ്യമാക്കേണ്ടതാണ്.

സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സ്വാശ്രയ കോളേജിലെ വിവിധ കോഴ്സുകളിലേക്കുള്ള അലോട്ടുമെന്റ്, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് ഇന്ത്യൻ സുപ്രീം കോടതി / കേരള ഹൈക്കോടതി വിധികളുടേയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

**1. <u>പ്രവേശന യോഗ്യതയുടെ മാനദണ്ഡങ്ങൾ</u>**

**1.1 ജനനം:**

മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമേ പ്രൊഫഷണൽ കോഴ്സിലെ പ്രവേശനത്തിനു അർഹതയുള്ളു. Persons of Indian Origin (PIO) / Overseas Citizenship of India (OCI) കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനു അപേക്ഷിക്കുന്നവരെ, കേരളീയൻ, കേരളീയേതരൻ എന്നിങ്ങനെ തരംതിരിക്കും.

(i) ***കേരളീയൻ:*** കേരളത്തിൽ ജനിച്ച അപേക്ഷാർത്ഥിയെ കേരളീയനായി തരംതിരിക്കും. 29-05-2008ലെ G.O. (Rt No. 822/08/H.Edn പ്രകാരം കേരള കേഡറിലേക്ക് അലോട്ട് ചെയ്തിട്ടുള്ള കേരളീയേതരരായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളെ കേരളീയരായി പരിഗണിച്ചിട്ടുണ്ട്. എന്നാൽ അവർ മറ്റ് സംവരണാനുകൂല്യങ്ങൾക്ക് അർഹരല്ല.

(ii) ***കേരളീയേതരൻ,:*** കേരളത്തിൽ ജനിക്കാതെ കേരളത്തിൽ യോഗ്യതാ പരീക്ഷയ്ക്കു പഠിച്ച താഴെ കൊടുക്കുന്ന കേരളീയേതരരായ രക്ഷകർത്താക്കളുടെ മകനെ/മകളെ കേരളീയേതരൻ ആയി തരംതിരിക്കും.

(a) ഇന്ത്യാ ഗവൺമെന്റ് ജീവനക്കാർ/കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട പ്രതിരോധ വകുപ്പു ജീവനക്കാർ.

(b) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞതു രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവർ.

*കേരളീയേതരൻ* അപേക്ഷാർത്ഥികളെ 'സ്റ്റേറ്റ് മെറിറ്റ്' സീറ്റുകളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളൂ. സാമുദായിക/ പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനു ഇവർക്കു അർഹതയില്ല.

**1.2 വിദ്യാഭ്യാസയോഗ്യത**

**1.2.1 ബി.എസ്.സി.നേഴ്സിംഗ്, ബി.എസ്.സി.(എം.എൽ.റ്റി.), ബി.എസ്.സി.(ഒപ്റ്റോമെട്രി), കോഴ്സുകൾക്ക്**

(a) കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കുകയും ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾ പാസായിരിക്കുകയും, ഈ വിഷയങ്ങൾക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കോടെ വിജയിച്ചവർ പ്രവേശനത്തിന് അർഹരാണ്.

(b) **ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി, ബി.സി.വി.റ്റി, ബി.പി.റ്റി, ബി.എസ്.സി. എം.ആർ.റ്റി** എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ ഫിസിക്സും, കെമിസ്ട്രിയും ബയോളജിയും ഐച്ഛിക വിഷയങ്ങളായി കേരള +2/ഹയർ സെക്കണ്ടറി അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, ബയോളജിക്ക് 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മൊത്തത്തിൽ 50% മാർക്കും നേടിയിരിക്കണം.

(c) B.P.T കോഴ്സിന് അപേക്ഷിക്കുന്നവർ 1.2.1(b) ൽ നൽകിയിട്ടുള്ള യോഗ്യതയ്ക്ക് പുറമെ +2 തലത്തിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതാണ്.

(d) **ബി.എ.എസ്സ്.എൽ.പി. കോഴ്സ്**

കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമറ്റിക്സ്/ കമ്പ്യൂട്ടർസയൻസ്/സ്റ്റാറ്റിസ്റ്റിക്സ്/ഇലക്ട്രോണിക്സ്/സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ ബി.എ.എസ്സ്.എൽ.പി. കോഴ്സിന് അർഹരാണ്.

<u>കുറിപ്പ് :</u>

**കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.**

**1.2.2. മാർക്കുകളിൽ ഇളവ്**

സാമുഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപെട്ട (2.5.1966ലെ G.O.(P)208/66/Edn, G.O.(MS) No.95/08/SCSTDD dated 06.10.2008 ഉത്തരവ്, അതിന്റെ ഭേദഗതികൾ, എന്നിവ പ്രകാരം) ബയോളജിക്ക്/മാത്തമാറ്റിക്സിന് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനം മാർക്ക് വേണ്ടതാണ്, പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. OEC അപേക്ഷകർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളൂ.

**1.2.3.** മാർക്ക് അടുത്ത പുർണ്ണ സംഖ്യയിലേക്ക് നിജപ്പെടുത്തുന്നതല്ല. 100ൽ 50 മാർക്ക് അല്ലെങ്കിൽ 300ൽ 150 മാർക്ക് ലഭിച്ചാൽ മാത്രമേ 50% മാർക്ക് ലഭിച്ചതായി പരിഗണിക്കുകയുള്ളൂ. അതുപോലെ 100ൽ 45 മാർക്കോ, 300ൽ 135 മാർക്കോ ലഭിച്ചാലേ 45 ശതമാനം മാർക്ക് ലഭിച്ചതായി പരിഗണിക്കൂ.

**1.2.4.** അപേക്ഷകർ അക്കാദമിക് ഡാറ്റാ ഷീറ്റ് സമർപ്പിക്കാവുന്ന അവസാനതീയതിക്ക് മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

**2. വയസ്സ്**

അപേക്ഷാർത്ഥികൾ 2018 ഡിസംബർ 31 ന് 17 വയസ് പൂർത്തീകരിച്ചിരിക്കണം. കുറഞ്ഞ വയസ്സിന് ഇളവ് അനുവദിക്കുന്നതല്ല. സർവ്വീസ് ക്വാട്ടയിലുള്ളവർ ഒഴികെ മറ്റാർക്കും ഉയർന്ന പ്രായ പരിധിയില്ല. സർവ്വീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 31/12/2018 ൽ പരമാവധി 46 വയസ്സും ആയിരിക്കും.

**3. എപ്പോൾ എങ്ങിനെ അപേക്ഷിക്കണം**

**3.1** വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിന് [B.Sc.നഴ്സിംഗ്, B.Sc. M.L.T, ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി, ബി.എ.എസ്.എൽ.പി, ബി.സി.വി.റ്റി, 'ബി.എസ്.സി (ഒപ്റ്റോമെട്രി), ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി(എം.ആർ.റ്റി), ബി.പി.ടി,] ഓൺലൈൻ മുഖേന ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും. ഓൺലൈൻ ചെയ്യുന്നതിനുള്ള സൗകര്യം <u>www.lbscentre.kerala.gov</u>.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നചന്റ കുടുതൽ അപേക്ഷ സമർപ്പിക്കുന്നവരുടെ അപേക്ഷ റദ്ദാക്കപ്പെടാവുന്നതാണ്.

**3.2 അപേക്ഷാഫീസ്**

അപേക്ഷാഫീസ് ഇനി പറയുന്നതു പ്രകാരമായിരിക്കും:

| | | |
|---|---|---|
| **പൊതുവിഭാഗത്തിന്** | : | 600/ രൂപ |
| **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്** | : | 300/ രൂപ |

ഫെഡറൽ ബാങ്കിന്റെ കേരളത്തിലെ ശാഖകളിൽ അപേക്ഷാഫീസ് അടയ്ക്കേണ്ടതാണ്.

**20.06.2008 ലെ GO (MS) നം.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.**

### 3.3 പ്രോസ്പെക്ടസിന്റെ ലഭ്യത

പ്രോസ്സ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

### 3.4 അപേക്ഷാ സമർപ്പണം

അപേക്ഷ സമർപ്പിക്കുന്നതിന് നാല് ഘട്ടങ്ങളുണ്ട്. അപേക്ഷകർ ഈ നാല് ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

### 3.4.1 ഘട്ടം 1: അപേക്ഷാർത്ഥിയുടെ വ്യക്തിഗത വിവരങ്ങളും ഫീസ് ഒടുക്കിയ വിവരങ്ങളും രേഖപ്പെടുത്തുക (സർവ്വീസ് ക്വാട്ട ഒഴികെ)

(i) അപേക്ഷകർ ഔദ്യോഗിക വെബ് സൈറ്റ് www.lbscentre.in സന്ദർശിക്കണം. വെബ് സൈറ്റിലെ "Admission to Professional Degree Course 2018 in Nursing and Paramedical Streams", എന്ന സൂചകത്തിൽ (Link) ക്ലിക്ക് ചെയ്യണം.

(ii) തുടർന്ന് അപേക്ഷകൻ "NEW CANDIDATE" എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി "SAVE" ചെയ്യണം.

(iii) സ്ക്രീനിൽ ലഭിക്കുന്ന മൂന്ന് പാർട്ട് ചെല്ലാൻ ഫോറം (അപേക്ഷാർത്ഥിയുടെ കോപ്പി, ഓഫീസ് കോപ്പി, ബാങ്ക് കോപ്പി) പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട ദേശസാൽകൃത ബാങ്കിന്റെ ശാഖയിൽ തുക ഒടുക്കാവുന്നതാണ്.

(iv) ബാങ്കിൽ നിന്ന് ഫീസ് ഒടുക്കി കഴിയുമ്പോൾ അപേക്ഷാർത്ഥിക്ക് ചെല്ലാന്റെ അപേക്ഷാർത്ഥിയുടെ കോപ്പിയും ഓഫീസ് കോപ്പിയും ലഭിക്കുന്നതാണ്.

**അപേക്ഷാഫീസ് ഓൺലൈനായും ഒടുക്കാവുന്നതാണ്. ഓൺലൈനായി ഫീസ് ഒടുക്കുന്നതിന് ബാങ്ക് ചാർജ്ജുകൾ ബാധകമായിരിക്കും.**

### 3.4.2. ഘട്ടം 2: രജിസ്ട്രേഷൻ ഉറപ്പാക്കുന്നതും അപേക്ഷാഫോറം അയക്കുന്നതും

(i) അപേക്ഷാഫീസ് ബാങ്കിൽ ഒടുക്കിയതിനുശേഷം ഔദ്യോഗിക വെബ് സൈറ്റിലെ **"Admission to Professional Degree Course 2018 in Nursing & Paramedical Stream"** എന്ന സൂചകത്തിൽ (Link) ക്ലിക്ക് ചെയ്ത് തൊട്ടടുത്ത ദിവസമോ നിർദ്ദിഷ്ട സമയത്തിനകമോ ഓൺ ലൈൻ രജിസ്ട്രേഷൻ നടപടിക്രമം താഴെ പറയുന്ന രീതിയിൽ പൂർത്തിയാക്കാവുന്നതാണ്.

(ii) അപേക്ഷാർത്ഥി **"Fee Remitted Candidate"** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അതിനുശേഷം ബാങ്കിൽ അപേക്ഷാഫീസ് ഒടുക്കിയപ്പോൾ ലഭിച്ച ചെല്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാഫോറത്തിന്റെ നമ്പർ, ചെല്ലാൻ നമ്പർ, ബാങ്കിന്റെ ശാഖ, ബാങ്കിൽ ഫീസ് അടച്ച തീയതി, എന്നിവ സ്ക്രീനിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷാർത്ഥി പാസ്‌വേഡ് നൽകേണ്ടതാണ്. പാസ്‌വേർഡ് അക്കത്തിലോ അക്ഷരമാലയിലോ രണ്ടും കൂടിയോ നൽകാവുന്നതാണ്.

(iii) കംപ്യൂട്ടറിൽ തെളിയുന്ന സെക്യൂരിറ്റി ചോദ്യത്തിന് ഉത്തരം നൽകി **'CONFIRM'** ബട്ടൺ ക്ലിക്ക് ചെയ്യണം അതിനുശേഷം സ്വന്തം പാസ്പോർട്ട് സൈസ്സ് ഫോട്ടോ അപ്‌ലോഡ് ചെയ്യണം. (JPEG format with size not more than 20 kb)

(iv) ഫോട്ടോ അപ്‌ലോഡ് ചെയ്ത് കഴിയുമ്പോൾ ഒരു യുണിക്ക് രജിസ്ട്രേഷൻ ID ലഭിക്കുന്നതാണ്. ഔദ്യോഗിക വെബ് സൈറ്റിൽ തുടർന്നുള്ള ആവശ്യങ്ങൾക്ക് പ്രസ്തുത ID യും പാസ്‌വേഡും ഉപയോഗിക്കേണ്ടതാണ്.

(v) അപേക്ഷാർത്ഥി **'PROCEED'** ബട്ടൺ ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങൾ പേഴ്സണൽ ഡാറ്റാഷീറ്റിൽ രേഖപ്പെടുത്തി **'SAVE'** ചെയ്യേണ്ടതാണ്. ഇവ പരിശോധിച്ച് **'CONFIRM'** ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ സ്ക്രീനിൽ അപേക്ഷാഫോറം ലഭ്യമാകും. ഇതിനുശേഷം **'PRINT'** ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷാഫോറത്തിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. പ്രിന്റൗട്ട് എടുത്ത അപേക്ഷാ

ഫോമിനോടൊപ്പം ചെല്ലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ 2018 ജൂൺ 19 ന് വൈകിട്ട് 5 മണിക്കകം എത്തിച്ച് കൊടുക്കേണ്ടതാണ്.

(vi) സ്പോർട്ട്സ് ക്വാട്ട, എൻ.സി.സി. ക്വാട്ട എന്നീ വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ഒർജിനൽ അപേക്ഷാഫോറം ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കുടാതെ അപേക്ഷാഫോറത്തിന്റെ ഒരു ഫോട്ടോ കോപ്പി സെക്രട്ടറി , കേരള സ്റ്റേറ്റ് സ്പോർസ് കൗൺസിൽ/ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി.(കേരളം) യ്ക്കും അയച്ച് കൊടുക്കേണ്ടതാണ്. സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ മേൽ അധികാരി മുഖേന സമർപ്പിക്കേണ്ടതും മുറയ്ക്കുള്ള മാർഗ്ഗത്തിലൂടെ അപേക്ഷാഫോറത്തിന്റെ ഫോട്ടോ കോപ്പി ഡയറക്ടർ, എൽ ബി എസ്സ് സെന്ററിന് അവസാനത്തീയതിയ്ക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

**3.4.3. സർവ്വീസ് ക്വാട്ടയിലുള്ളവർ അപേക്ഷകൾ സമർപ്പിക്കേണ്ട വിധം**

സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ അപേക്ഷാഫീസ് സർക്കാർ ട്രഷറിയിൽ "0210-03-105-99" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയതിനുശേഷം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷാഫോറം ചെല്ലാൻ രസീതും സർട്ടിഫിക്കറ്റ് എന്നീവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി, സ്വന്തം സ്ഥാപനത്തിലെ മേലധികാരികൾ വഴി നിശ്ചിത സമയത്തിനകം "The Director of Medical Education, Office of the Director of Medical Education, Medical College.P.O., Thiruvananthapuram 695 011" യ്ക്ക് ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്. അപേക്ഷാഫോറത്തിന്റെ അനുബന്ധ രേഖകളുടെ പകർപ്പ്, ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ അവസാനതീയതിയ്ക്ക് മുൻപ് അയച്ച് കൊടുക്കേണ്ടതുമാണ്.

**3.4.4. <u>ഘട്ടം 3</u>**

ഈ ഘട്ടം ഹയർസെക്കന്ററി/തത്തുല്ല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ലഭിച്ചതിന് ശേഷം പറഞ്ഞിരിക്കുന്ന തീയതിയ്ക്കകം ചെയ്യേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് യോഗ്യതാ പരീക്ഷ പാസായവർ ഘട്ടം 2 പൂർത്തിയാക്കുന്നതിനോടൊപ്പം തന്നെ ഈ ഘട്ടവും ചെയ്യേണ്ടതാണ്. വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് അക്കാദമിക് ഡാറ്റാ ഷീറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. സ്ക്രീനിൽ ലഭ്യമാകുന്ന അക്കാദമിക് ഡാറ്റാ ഷീറ്റിൽ മാർക്ക് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അപേക്ഷാർത്ഥി മാർക്ക് രേഖപ്പെടുത്തി പ്രിന്റ് എടുക്കുക. ഈ പ്രിന്റൗട്ട് സ്വയം സാക്ഷ്യപ്പെടുത്തി, ഒറിജിനൽ മാർക്ക് ലിസ്റ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം-33. എന്ന വിലാസത്തിൽ നിശ്ചിത തീയതിയ്ക്ക് മുമ്പായി അയക്കേണ്ടതാണ്. സ്പോർട്ട്സ് ക്വാട്ട NCC Quota പ്രകാരമുള്ളവരും മേൽപറഞ്ഞ വിധത്തിൽ അപേക്ഷിക്കേണ്ടതാണ്. ഓപ്പൺ ക്വാട്ടയിൽ അപേക്ഷിക്കുന്നവരും സർവ്വീസ് ക്വാട്ടക്കാരും ഘട്ടം മൂന്ന് പൂർത്തിയാക്കേണ്ടതാണ്.

**3.4.5. <u>ഘട്ടം 4</u>**

റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർ ഈ ഘട്ടത്തിൽ ഓൺലൈനായി കോഴ്സ്/കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ് . ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തും. കോളേജുകൾ, കോഴ്സുകൾ എന്നിവയെ പറ്റിയുള്ള വിശദ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**4. റാങ്ക് ലിസ്റ്റ്**

മൂന്ന് റാങ്കുലിസ്റ്റുകൾ താഴെ സൂചിപ്പിക്കുന്നതുപോലെ ഉണ്ടായിരിക്കും. ട്രയൽ അലോട്ട്മെന്റിനു മുൻപ് റാങ്കുലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**4.1 റാങ്ക് ലിസ്റ്റ് 1**

ബി.എസ്സ്.സി നഴ്സിംഗ്., ബി.എസ്സ്.സി എം.എൽ.റ്റി, ബി.എസ്.സി ഒപ്റ്റോമെട്രി കോഴ്സുകൾക്ക് യോഗ്യതാപരീക്ഷയുടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ അവസാനവർഷ പരീക്ഷയുടെ മാർക്കുകളുടെ മൊത്തമാണ് പരിഗണിക്കുക.

**4.2. റാങ്ക് ലിസ്റ്റ് 2**

ബി.എസ്സ്.സി പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. എം.ആർ.റ്റി, ബി.സി.വി.റ്റി, ബി.പി.റ്റി കോഴ്സി നായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാ പരീക്ഷയുടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി അവ സാനവർഷ പരീക്ഷയുടെ *മാർക്കുകളുടെ മൊത്തമാണ് പരിഗണിക്കുക.

**4.3. റാങ്ക് ലിസ്റ്റ് 3**

ബി.എ.എസ്സ്.എൽ.പി. കോഴ്സിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാ പരീക്ഷയുടെ ഫിസിക്സ്, കെമിസ്ട്രി എന്നിവയുടേയും *ബയോളജി/മാത്തമറ്റിക്സ്/കമ്പ്യൂട്ടർസയൻസ്/സ്റ്റാറ്റിസ്റ്റിക്സ്/ ഇലക്ട്രോണിക്സ്/സൈക്കോളജി എന്നിവയിലേതെങ്കിലും ഒന്നിന്റേയും അവസാനവർഷ പരീക്ഷയുടെ മാർക്കുകളുടെ മൊത്തമാണ് പരിഗണിക്കുക.

<u>കുറിപ്പ്</u> :

*മാത്തമാറ്റിക്സ്/ബയോളജി/ബയോടെക്നോളജി/കംപ്യൂട്ടർ സയൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽകൂടുതൽ വിഷയ ങ്ങൾ ഒരു അപേക്ഷകൻ പഠിച്ചിട്ടുണ്ടെങ്കിൽ ഏതുവിഷയത്തിനാണോ കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ളത് ആയത് മൂന്നാമത്തെ വിഷയമായി കണക്കാക്കുന്നതാണ്.

**5. നോർമലൈസേഷൻ (ഏകീകരണ) പ്രക്രിയ**

ഒരു അപേക്ഷകന്റെ ഓരോ വിഷയത്തിനും ലഭിച്ച മാർക്ക് വിവിധ പാഠ്യപദ്ധതികളിൽ ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ പ്രകടനവും ശരാശരി മാർക്കും മാർക്കു വ്യതിയാനവും കണക്കാക്കി ഏകീക രിക്കുന്നതാണ്.

**6. ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം**

**6.1** റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർക്ക് മാത്രമേ കോഴ്സ്/കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തുന്നതാണ്. കോളേജുകൾ, കോഴ്സുകൾ എന്നിവയെ പറ്റിയുള്ള വിശദ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

**6.2. ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം:** ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കംപ്യൂട്ടറിലും നിശ്ചിത സമ യത്തിനുള്ളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം.. സമയപരിധിക്കുള്ളിൽ ഓൺ ലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ അലോട്ട്മെന്റിനു വേണ്ടി പരിഗണിക്കുന്നതല്ല.

**7.** അപേക്ഷകരിൽ നിന്നു ലഭിച്ച വ്യക്തിഗതവും വിദ്യാഭ്യാസപരവുമായ വിവരങ്ങളും സംവരണ അവകാശ ങ്ങളും ഇൻഡക്സ് മാർക്കും വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.പ്രസിദ്ധപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ വെബ്സൈറ്റിലും/പത്രമാധ്യമങ്ങളിലുടെയും പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം എൽ. ബി. എസ്. സെന്ററിന്റെ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിലോ / ഡയറക്ടർ, എൽ ബി എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്,നന്ദാവനം,പാളയം,തിരുവനന്തപുരം-33എന്ന വിലാസത്തിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിച്ച പരാതികൾ ഡയറക്ടർ,മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്,തിരുവനന്തപുരം രൂപീകരിച്ച കമ്മിറ്റി പരിശോധിക്കുന്നതാണ്. കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. അപേക്ഷകർ തങ്ങളുടെ അവകാശവാദങ്ങളും ഇൻഡക്സ് മാർക്കും പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കാത്തതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് അപേക്ഷകർ മാത്രമായിരിക്കും ഉത്തരവാദി. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**8.** അപൂർണ്ണമായതോ, തെറ്റായതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

**9.** അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

**10.** സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി ഡയറക്ടർ അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രോസ്പെക്ടസ്സ് എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി യുടെ www.lbscentre.kerala.gov.in വെബ്സൈറ്റിൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

**11.** കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ 0471-2560361, 2560362,2560363,2560364,2560365 എന്നീ നമ്പറുകളുമായി ബന്ധപ്പെടാവുന്നതാണ്.

22/5/18

DIRECTORATE OF MEDICAL EDUCATION
KERALA, THIRUVANANTHAPURAM

**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ**